## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4763

18/12/2014 ൽ മറുപടിയ്ക്ക്

## സീതാംഗോളി ഗവൺമെന്റ് ഐ.ടി.ഐ.

| ചോദ്യം<br>ശ്രീ.പി.ബി. അബ്ദുൾ റസാക് | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| എ) സീതാംഗോളി ഗവൺമെന്റ് ഐ.ടി.ഐ.നിലവിൽ പുത്തിഗെ പഞ്ചായത്തിൽ സൗകര്യപ്രദമല്ലാത്ത താൽക്കാലിക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: | എ) സീതാംഗോളി ഗവ.ഐ.ടി.ഐ യ്ക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിന് വ്യാവസായിക പരിശീലന വകുപ്പിന് ഭൂമി കൈമാറ്റത്തിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് പുത്തിഗെ വില്ലേജിൽ റീ.സ. നം.130/പി. റ്റി-ൽ പെട്ട 1.90 ഏക്കർ സ്ഥലം വ്യവസായിക പരിശീലന വകുപ്പിനു കൈമാറുന്നതുമായി ബന്ധപ്പെട്ട 53543/എൽ. 1/2012/ റവന്യൂ ഡിപ്പാർട്ട്മെന്റ് എന്ന ഫയലിൻമേൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) സീതാംഗോളി ഗവ.ഐ.ടി.ഐ യ്ക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിന് വ്യാവസായിക പരിശീലന വകുപ്പിന് കൈമാറ്റത്തിന് നിർദ്ദേശിക്കപ്പെട്ട 1.90 ഏക്കർ ഭൂമിയിൽ ഒരു ഭാഗത്ത് 11 kv ഹൈടെൻഷൻ ഇലക്ട്രിക് ലൈനും വാട്ടർടാങ്കും ഉള്ളതിനാൽ 0.60 ഏക്കർ സ്ഥലം ഒഴിവാക്കി 1.30 ഏക്കർ ഭൂമിയിൽ വിദ്യാഭ്യാസ സ്ഥാപനം സ്ഥാപിക്കുന്നതിന് ഏതെങ്കിലും വിധത്തിലുള്ള അപകട സാദ്ധ്യതകൾ ഉണ്ടോ എന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ചു വരികയാണ്. |
| സി) പ്രസ്തുത ഫയലിൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | സി) നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ